(4) വണ്ടായി പഞ്ചായത്തിലെ സഹകരണ ആശുപത്രി ഗവൺമെൻറ് ഏറെടുക്കണമെന്ന അഭ്യർത്ഥന

ശ്രീ. സി. ടി. കൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടായി പഞ്ചായത്തിലെ സഹകരണ ആശുപത്രി ഗവൺമെൻറ് ഏറെടുക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുഖ്യമന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ളത്. സർ, ഒരേക്കർ സ്ഥലവും ഒന്നരലക്ഷം രൂപയും ചെലവു ചെയ്ത് നിർമ്മിച്ച ഒരു കോൺക്രീറ്റ് ബിൽഡിംഗും 25,000 രൂപയുടെ ഉപകരണങ്ങളുമെല്ലാം തന്നെ സർക്കാരിലേക്ക് സൗജന്യമായി വിട്ടുതരാൻ അവിടത്തെ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്. വണ്ടായി പഞ്ചായത്തിലും, കിഴക്കഞ്ചേരി പഞ്ചായത്തിലുമുള്ള ആയിരക്കണക്കിന് ആളുകൾക്ക് വളരെ ഉപകാരപ്രദമായിട്ടുള്ളതാണ് ഈ സഹകരണ ആശുപത്രി. ഇപ്പോഴത് പ്രവർത്തനമൊന്നുമില്ലാതെ പൂട്ടിക്കിടക്കുകയാണ്. അതുകൊണ്ട് ഇത്രയും സൗകര്യമുള്ള ഈ ആശുപത്രി അടിയന്തിരമായി ഏറെടുത്ത് നടത്തിയെങ്കിൽ മാത്രമേ അവിടത്തെ ജനങ്ങൾക്ക് ഉപകാരപ്രദമാകുകയുള്ളൂ. താലൂക്ക് ആശുപത്രിക്കും വടക്കാഞ്ചേരിക്കുമൊക്കെ ഇരുപതും മുപ്പതും കിലോമീറ്റർ നടക്കണം സർ. അതുകൊണ്ട് 10 ലക്ഷം രൂപയുടെ സ്വത്ത് വിലപിടിക്കുന്ന ഈ സഹകരണ ആശുപത്രി സംസ്ഥാന ഗവൺമെൻറ് ഏറെടുക്കാനുള്ള നടപടികളും സ്വീകരിക്കണം. പലപ്രാവശ്യം ഈ കാര്യം ഉന്നയിച്ചിട്ടുള്ളതാണ്, നിവേദനങ്ങളും കൊടുത്തിട്ടുള്ളതാണ്. പ്രത്യേകിച്ച് ഈ ആശുപത്രി ഗവൺമെൻറ് ഏറെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വണ്ടായി സഹകരണ ആശുപത്രി ഗവൺമെൻറ് ഏറെടുക്കണമെന്ന നിവേദനം കിട്ടി അതിനെക്കുറിച്ച് പരിശോധിച്ചതിൽ 38,000-ത്തിൽപ്പരം രൂപ ആ സൊസൈറ്റിയുടെ ബാദ്ധ്യതയായി നിലനില്ക്കുന്നുണ്ട്. ഇതിനുപുറമേ ഇത് ഏറെടുത്തു നടത്തുന്നതിനു വരുന്ന ചെലവ് ഒരുവർഷം ഒരു ലക്ഷത്തോളം രൂപ അതായത് 99,986 രൂപയുടെ കണക്ക് തന്നിട്ടുണ്ട്. ഒരു ലക്ഷം രൂപ കാലാകാലങ്ങളിൽ വരുന്നതായിട്ടുള്ള ബാദ്ധ്യതയുണ്ട്. ഇതെല്ലാംകൂടി പരിശോധിച്ചശേഷമേ ഒരു തീരുമാനമെടുക്കാൻ കഴിയൂ. ഏതായാലും ശരി ഇത് അനുഭാവ പൂർവ്വമായി പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്.

(5) പൂവ്വാർ പാലം പണി പൂർത്തിയാക്കൽ

ശ്രീ. എൻ. ശക്തൻ നാടാർ : സർ, കേരളത്തിന്റെ തെക്കു ഭാഗത്തെ ഗതാഗത സൗകര്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കോവളവും കന്യാകുമാരിയും തമ്മിലുള്ള ദൂരം 15 കിലോമീറ്റർ കുറയ്ക്കുന്ന പൂവ്വാർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഇന്നും വളരെ മന്ദഗതിയിലാണ്. 1979-ൽ, അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ തറക്കല്ലിട്ട പൂവ്വാർ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 1986-87 സാമ്പത്തിക വർഷം 50 ലക്ഷം രൂപയെങ്കിലും നൽകേണ്ടിയിരിക്കുന്നു. 1979-ൽ തറക്കല്ലിട്ടപ്പോൾ രണ്ടര വർഷത്തെ കാലാവധിക്ക് 38 ലക്ഷം രൂപയ്ക്ക് ആണ് ഭരണാനുമതി നൽകിയത്. എന്നാൽ 1982-ൽ ഈ പാലത്തിനാവശ്യമായ തുക ലഭിക്കാത്തതു കാരണം കരാറുകാരൻ കരാർ മതിയാക്കിപോകുന്ന സ്ഥിതിയിലെത്തി. അപ്പോൾ കരാർ പുതുക്കിക്കൊടുത്തും ബാക്കി ശേഷിച്ച പണിക്ക് 68 ലക്ഷം രൂപയ്ക്കാണ് കരാർ പുതുക്കിയത്. 1985 അവസാനമായപ്പോഴേക്കും വീണ്ടും കരാറുകാരൻ പണി

LIBRARY ARCHIVES Kerala Legislative Assembly

നിർത്തി പോകുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. ആവശ്യമായ തുക ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല. സിമൻറും കമ്പിയും നൽകിയിട്ടില്ല. ഈ പാലത്തിന്റെ പണി അടുത്ത സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കാനായി അടിയന്തിരമായി 50 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ഈ റോഡിൽ രണ്ടു പാലങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ചക്കിരിയാറിനു കുറുകേയുള്ള ഒരു ചെറിയ പാലവും മറേത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മേജർ പാലവുമാണ്. ചെറിയ പാലത്തിന്റെ പണി പൂർത്തിയായി. പക്ഷേ രണ്ടാമത്തെ പാലത്തിന് എല്ലാംകൂടി 38.19 ലക്ഷം രൂപയ്ക്ക് 1976-ൽ തന്നെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പല കാരണങ്ങൾകൊണ്ടുമാണ് കോൺട്രാക്ട് ഇട്ടെറിഞ്ഞു പോയത്. അതിനുശേഷം അത് വീണ്ടും ടെൻറർ വിളിക്കുകയും 1983-ൽ ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 68 ലക്ഷം രൂപയാണ് ബാക്കി പണിക്ക് ആവശ്യമായി വേണ്ട തുക. ഒന്നര വർഷംകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. 1985-86-ലെ ബഡ്ജറ്റിലും ഇതിന് കുറച്ചു പണം വകയിരുത്തിയിട്ടുണ്ട്.

(6) കോന്നി ഫോറസ്റ്റ് ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചാഫീസിനു മുന്നിൽ ഫോറസ്റ്റ് തൊഴിലാളികൾ നടത്തുന്ന സത്യാഗ്രഹം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട നടുവത്തുമൂഴി റേഞ്ച് ആഫീസിനു മുമ്പിൽ ഏഴു ട്രേഡ് യൂണിയനുകളിൽപ്പെട്ട ഫോറസ്റ്റ് തൊഴിലാളികൾ കഴിഞ്ഞ രണ്ടര മാസക്കാലമായി സമരം നടത്തുകയാണ്. കഴിഞ്ഞവർഷം വിവിധ യൂണിയനുകളിൽപെട്ട തൊഴിലാളികൾ 10 തേക്ക് തോട്ടങ്ങളിലെ തടികൾ വെട്ടി അട്ടിശേഖരം നടത്തി. അതിന് ന്യായമായി അവർക്കു ലഭിക്കേണ്ട കൂലി ലഭിക്കുന്നതിനു വേണ്ടിയാണ് സത്യാഗ്രഹസമരം നടത്തുന്നത്. തൊഴിലാളികൾക്ക് 1,29,077 രൂപ കൂലിയിനത്തിൽ കൊടുക്കാനുണ്ട്. ഈ കൂലിയിനത്തിൽ കൊടുക്കാനുള്ള തുക വ്യാജ വൗച്ചർ കൊടുത്ത് ഒരു ഉദ്യോഗസ്ഥൻ, റേഞ്ച് ആഫീസർ അപഹരിച്ചെടുത്തുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ന് ആ റേഞ്ച് ആഫീസർ അവിടെയില്ല. ഡി. എഫ്. ഒ. യെ ഉടൻതന്നെ അവിടെനിന്ന് സ്ഥലം മാറ്റാൻ പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ തുക വാങ്ങിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വളരെ വ്യാപകമായ തോതിലുള്ള വനം കൊള്ള അവിടെ നടക്കുന്നു. അതോടൊപ്പംതന്നെ തൊഴിലാളികളെ ചൂഷണം ചെയ്ത് വൻ തുകകൾ തട്ടിയെടുക്കുന്നു. അത് എങ്ങനെയൊക്കെയാണ് ഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർ അപ്പോർഷൻ ചെയ്യുന്നത് എന്നുള്ളതിനെ സംബന്ധിച്ച് മലയാള മനോരമയിൽ ദീർഘമായ ഒരു ലേഖനം വന്നിട്ടുണ്ട്. എ. സി. എഫ് 7 ശതമാനം, ഡി. എഫ്. ഒ. 10 ശതമാനം സി. എഫ്. ഒ. 5 ശതമാനം, സി. സി. എഫ്. (വിജിലൻസ്) 5 ശതമാനം എന്ന ക്രമത്തിൽ ഈ തുക അപഹരിച്ചെടുക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. തൊഴിലാളികൾക്ക് കിട്ടാനുള്ള തുക കൊടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly